# കേരള സർവകലാശാല

നം.പി.ആർ.61/2019 ഫോൺ: 2305738
9446173605

## പത്രക്കുറിപ്പ്

### വൈവാ വോസി

2019 ഫെബ്രുവരിയിൽ നടത്തിയ രണ്ടാം വർഷ എം.എ ഹിന്ദി പ്രൈവറ്റ് രജിസ്ട്രേഷൻ പരീക്ഷയുടെ വൈവാ വോസി മാർച്ച് 26 ന് രാവിലെ 10.30 മുതൽ 12.30 വരെയും എം.എ ഹിസ്റ്ററി (2016 അഡ്മിഷൻ) പരീക്ഷയുടെ വൈവാ വോസി മാർച്ച് 29 ന് രാവിലെ 10.00 മുതലും പാളയം വിദൂര വിദ്യാഭ്യാസ കേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2018 നവംബറിൽ നടത്തിയ നാലാം സെമസ്റ്റർ എൽ.എൽ.എം പരീക്ഷയുടെ വാചാ പരീക്ഷ ഏപ്രിൽ 1, 2 തീയതികളിൽ സെനറ്റ് ഹൗസ് കാമ്പസിൽ വെച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

2019 മാർച്ച് 25 മുതൽ 29 വരെ നടത്തുന്ന രണ്ടാം വർഷ എം.എ (പ്രൈവറ്റ് രജിസ്ട്രേഷൻ 2016 അഡ്മിഷൻ) വൈവാ വോസി പരീക്ഷകൾക്ക് മാറ്റമില്ല.

### പ്രാക്ടിക്കൽ

2019 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.പി.എ (മൃദംഗം) പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 26 മുതൽ 27 വരെയും 2018 നവംബറിൽ നടത്തിയ ഒന്നാം സെമസ്റ്റർ, 2019 ജനുവരിയിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.പി.എ (വീണ) പരീക്ഷയുടെ പ്രാക്ടിക്കൽ യഥാക്രമം ഏപ്രിൽ 1 മുതൽ 3 വരെയും 4 മുതൽ 5 വരെയും ശ്രീ സ്വാതി തിരുനാൾ സംഗീത കോളേജിൽ വെച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ.

### പരീക്ഷ

സെന്റർ ഫോർ ഇംഗ്ലീഷ് ലാംഗ്വേജ് ടീച്ചിംഗ് നടത്തിയ Spoken English Skill Development കോഴ്സിന്റെ പരീക്ഷ മാർച്ച് 24 ന് രാവിലെ 10 മണിക്ക് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇംഗ്ലീഷിൽ വെച്ച് നടത്തുന്നതാണ്. വിദ്യാർത്ഥികൾ 24 ന് രാവിലെ 9.30 ന് ഹാൾടിക്കറ്റ് കൈപ്പറ്റേണ്ടതാണ്.

## പെൻഷൻകാരുടെ ശ്രദ്ധയ്ക്ക്

സർവകലാശലയിൽ നിന്നും പെൻഷൻ കൈപ്പറ്റുന്നവർ 2019 ഏപ്രിൽ 1 മുതൽ മേയ് 15 വരെ മസ്റ്റർ ചെയ്യുകയോ ലൈഫ് സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്യണം. അല്ലാത്തപക്ഷം ജൂൺ മുതൽ പെൻഷൻ ലഭിക്കുന്നതല്ല. മസ്റ്റർ ചെയ്യാൻ തിരിച്ചറിയൽ രേഖ ഹാജരാക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷം ആദായ നികുതിയുടെ പരിധിയിൽ വരുന്നവർ **Anticipatory Income Tax Statement form** പെൻഷൻ സെക്ഷനിൽ നൽകേണ്ടതാണ്.

## പൂർവ വിദ്യാർത്ഥി സംഗമം

യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗ്, കാര്യവട്ടം ആതിഥേയത്വം വഹിക്കുന്ന 2019 ലെ പൂർവ വിദ്യാർത്ഥി സംഗമം ഏപ്രിൽ 13 ന് രാവിലെ 9.30 ന് കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നതാണ്. എല്ലാ പൂർവ വിദ്യാർത്ഥികളുടേയും അദ്ധ്യാപകരുടേയും സകുടുംബ സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നു.

## ത്രിദിന അന്തർദേശീയ സെമിനാർ

സർവകലാശാലയുടെ വാണിജ്യ വിഭാഗം **'Trade War – Does it Affect the Global Free Trade order?'** എന്ന വിഷയത്തിൽ മാർച്ച് 26, 27, 28 തീയതികളിൽ നടത്തുന്ന ത്രിദിന അന്തർദേശീയ സെമിനാർ 27 ന് രാവിലെ 10 മണിക്ക് സെനറ്റ് ഹാളിൽ വച്ച് വൈസ് ചാൻസലർ ഉദ്ഘാടനം ചെയ്യും.

## അക്കാദമിക് ലീഡർഷിപ്പ് പ്രോഗ്രാം

വിദ്യാഭ്യാസ വിഭാഗം അലിഗഢ് മുസ്ലീം സർവകലാശാലയുമായി സഹകരിച്ച് സംഘടിപ്പിക്കുന്ന 'അക്കാദമിക് ലീഡർഷിപ്പ്' പ്രോഗാമിന് അപേക്ഷ ക്ഷണിക്കുന്നു. ഏപ്രിൽ 2 മുതൽ 5 വരെ നടക്കുന്ന പ്രോഗാമിൽ പ്രിൻസിപ്പാൾ (കോളേജ്), ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ്, ഡീൻ തുടങ്ങിയർക്കാണ് പരിശീലനം നൽകുന്നത്. പങ്കെടുക്കാൻ താല്പര്യമുള്ളവർ ഡോ.ബിന്ദു ആർ. എൽ (ഹെഡ്) 9947323222, ഡോ.സമീർബാബു എം (കോ ഓർഡിനേറ്റർ) 9447943244 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക. **Email: sameer@keralauniversity.ac.in, binduindraneelam@gmail.com**

തിരുവനന്തപുരം
22-03-2019

പബ്ലിക് റിലേഷൻസ് ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300
(from mobile) 0471-2115054 and 0471-2115098